(ബി) ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമരഹിതമായി വർദ്ധിപ്പിക്കുന്നതായും ഗുണ നിലവാരമില്ലാത്ത ഭക്ഷണം വില്പന നടത്തുന്നതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അംഗീകൃത ഹോട്ടലുകൾക്കും, റസ്റ്റോറന്റുകൾക്കും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ന്യായവിലയ്ക്ക് ഭക്ഷ്യവിഭവങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; അത്തരം സ്ഥാപനങ്ങളിലെ വിൽപന വില നിയന്ത്രിക്കുന്ന ചുമതല സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്ക് നൽകി വിലനിലവാരം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം ഹോട്ടലുകളിൽ വിലവിവരപ്പട്ടിക കർശനമായും പ്രദർശിപ്പിക്കണമെന്ന് ഉത്തരവുണ്ട്. പ്രസ്തുത ഓർഡറിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള എല്ലാ ഫീൽഡ് ഓഫീസർമാരും, കൂടാതെ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളും പരിശോധന നടത്തി വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. മായം ചേർക്കൽ നിരോധന നിയമപ്രകാരം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ നിയമിച്ചിട്ടുള്ള ഫുഡ് ഇൻസ്പെക്ടർമാർ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഹോട്ടലുകൾ പരിശോധിക്കുകയും ഭക്ഷണ സാധനങ്ങൾ പരിശോധനയ്ക്കായി അനലിറ്റിക്കൽ ലാബുകളിൽ അയയ്ക്കുകയും ചെയ്യുന്നു. പരിശോധനയിൽ ഭക്ഷണപദാർത്ഥങ്ങൾ മായമുള്ളതോ, നിശ്ചിത ഗുണനിലവാരമില്ലാത്തതോ ആയി കണ്ടാൽ ഫുഡ് ഇൻസ്പെക്ടർമാർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യാറുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട ഹോട്ടലുകളിൽ ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സപ്ലൈകോ മുഖാന്തിരം സബ്സിഡി നിരക്കിൽ ലഭ്യമാക്കി ആഹാരസാധനങ്ങൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. മാവേലി ഹോട്ടലുകൾ എന്ന പേരിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് 10 രൂപ മുതൽ 15 രൂപ വരെ നിരക്കിലാണ് ഊണ് നൽകിവരുന്നത്. സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ ഇതിന്റെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 56 മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നുണ്ട്.

കുട്ടനാട് പാക്കേജിന്റെ ഭാഗമായി കന്നുകാലികളുടെ വിതരണം

123 (189) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ കന്നുകാലികളെ വിതരണം ചെയ്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആർക്കൊക്കെയാണ് കന്നുകാലികളെ വിതരണം ചെയ്തതെന്ന് വ്യക്തമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) ഗുണഭോക്താക്കളെ ഏത് കമ്മിറ്റിയാണ് തെരഞ്ഞെടുത്തതെന്ന് വിശദമാക്കുമോ ;

(ഡി) കന്നുകാലികളെ വിതരണം ചെയ്തതിൽ സുതാര്യത ഉറപ്പു വരുത്തിയിട്ടില്ലെന്ന് വിശദമാക്കിയ പരാതികൾ ലഭ്യമായിട്ടുണ്ടോ ;

(ഇ) എങ്കിൽ ആയതിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) കന്നുകാലികളെ വിതരണം ചെയ്ത ഉദ്ഘാടന പരിപാടിക്ക് എന്ത് തുക സർക്കാരിന് ചെലവ് വന്നിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കന്നുകാലികളെ വിതരണം ചെയ്തത് താഴെപ്പറയുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്.

1. കഷ്ടതയനുഭവിക്കുന്ന കൃഷിക്കാർ.
2. ചെറുകിട നാമമാത്ര കർഷകർ.
3. 25 സെന്റ് ഭൂമിയിലെങ്കിലും പുൽകൃഷി സ്വന്തം പുരയിടത്തിലോ പാട്ടത്തിനോ നടത്താൻ തയ്യാറായിട്ടുള്ളവർ.
4. ഒന്നോ അതിലധികമോ പശുക്കളെ വളർത്തുന്നവർ.
5. നേരത്തെ കുളമ്പുരോഗം ബാധിച്ച പശുക്കളുടെ ഉടമസ്ഥർ.
6. കുടുംബശ്രീ അംഗങ്ങൾ.
7. നെൽകൃഷി നടത്തുന്നവർ.

(ബി) കന്നുകാലികളെ വിതരണം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) താഴെപ്പറയുന്ന കമ്മിറ്റി അംഗങ്ങൾ ചേർന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

1. പഞ്ചായത്ത് പ്രസിഡന്റ്- ചെയർമാൻ
2. പഞ്ചായത്തുതല വെറ്ററിനറി സർജൻ- കൺവീനർ
3. ബാങ്ക് പ്രതിനിധി
4. കെ.എൽ.ഡി. ബോർഡ് പ്രതിനിധി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുട്ടനാട് പാക്കേജിന്റെ പരിധിയിൽവരുന്ന പ്രദേശങ്ങളിൽ മാത്രം കന്നുകാലികളെ വിതരണം ചെയ്യണമെന്ന് താൽപ്പര്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിരുന്നു

(ഇ) പദ്ധതി നടത്തിപ്പിനായി ഉപഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ കുട്ടനാട് പാക്കേജിന്റെ പരിധിയിൽ നിന്നുമായിരിക്കണം എന്ന് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഉദ്ഘാടന പരിപാടിക്കായി പ്രത്യേക ഫണ്ട് വിനിയോഗിച്ചിട്ടില്ല. ക്ഷീരമേഖലയിൽ ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ പരിചയപ്പെടുത്തൽ, അകിടുവീക്ക രോഗനിയന്ത്രണ സെമിനാർ തുടങ്ങിയ പരിപാടികളോടൊപ്പം കുട്ടനാട് പാക്കേജിന്റെ ഉദ്ഘാടനംകൂടി നടത്തുകയാണുണ്ടായത്.

മൃഗസംരക്ഷണ വകുപ്പിന്റെ വയനാട് ജില്ലയിലെ പദ്ധതി പ്രവർത്തനം

124 (190) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലു വർഷങ്ങളിൽ മൃഗസംരക്ഷണ മേഖലയിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പുതിയ പരിപാടികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ നാലു വർഷങ്ങളിൽ മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി വയനാട് ജില്ലയിൽ നടപ്പിലാക്കിയ പരിപാടികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) 2010-11 ഉൾപ്പെടെയുള്ള കഴിഞ്ഞ നാലുവർഷങ്ങളിൽ മൃഗസംരക്ഷണ വകുപ്പുവഴി ഓരോ വർഷവും വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കഴിഞ്ഞ നാലുവർഷങ്ങളിൽ മൃഗസംരക്ഷണമേഖലയിൽ വയനാട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പരിപാടികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ 4 വർഷങ്ങളിൽ നടപ്പിലാക്കിയ പുതിയ പരിപാടികൾ ചുവടെ ചേർക്കുന്നു :

1. ആത്മഹത്യാ പ്രേരിത ജില്ലകളായ കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ ജില്ലകൾക്കായുള്ള പുനരധിവാസപദ്ധതിയായ വിദർഭാ പദ്ധതി.

2. രാഷ്ട്രീയ കൃഷി വികാസ് യോജനാ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly